**മധുരമായ കുട്ടികളെ - ഒരിക്കലും ദേഹത്തെ (സാകാര ശരീരം) ഓർമ്മിക്കരുത്, കണ്ണു കളിലൂടെ ബ്രഹ്മാബാബയെ കാണുന്നുണ്ടാവാം എങ്കിലും ഓർമ്മിക്കേണ്ടത് സുപ്രീം ടീച്ചറായ ശിവബാബയെ ആണ്.**

**ചോദ്യം** : ഏതൊരു നിയമത്തെ അറിയാവുന്നതുകാരണമാണ് നിങ്ങൾ കുട്ടികൾ മാലയും പുഷ്പങ്ങളും സ്വീകരിക്കാൻ പാടില്ലാത്തത് ?

**ഉത്തരം** : ആത്മാവും ശരീരവും രണ്ടും പവിത്രമായിട്ടുള്ളവർ മാത്രമേ മാലയ്ക്കും പുഷ്പത്തിനും അർഹ തയുള്ളവരാകുന്നുള്ളു എന്ന് നമ്മൾക്കറിയാം. ഈ നിയമമനുസരിച്ച് നമ്മൾക്ക് പൂക്കൾ - മാല സ്വീകരി ക്കാൻ സാധിക്കില്ല. ഞാനും നിങ്ങളുടെ പൂക്കൾ- മാല സ്വീകരിക്കുന്നില്ല കാരണം ഞാൻ പൂജ്യനാകുന്നി ല്ല, പൂജാരിയുമാകുന്നില്ല. ഞാൻ നിങ്ങളുടെ അനുസരണയുള്ള അച്ഛനും ടീച്ചറുമാണ്.

**ഗീതം** : ആകാശ സിംഹാസനം ഉപേക്ഷിച്ച്.......

**ഓം ശാന്തി**. മധുരമധുരമായ ഓമനകളായ കുട്ടികൾ പാട്ടു കേട്ടു. ഈ പാട്ടിലൂടെ സർവ്വവ്യാപിയെന്ന ജ്ഞാനത്തിന് പ്രസക്തിയില്ലാതാകുന്നു. ബാബയെ ഇപ്പോൾ ഓർമ്മിക്കുന്നു കാരണം ഭാരതം വളരെ ദുഃഖിതമാണ്. ഡ്രാമ അനുസരിച്ച് ഈ എല്ലാ ഗീതങ്ങളും ഉണ്ടാക്കിയിരിക്കുകയാണ്. ലോകത്തിലുള്ള വർക്കറിയില്ല. പതീതരെ പാവനമാക്കുവാൻ അഥവാ ദു:ഖിതരെ ദു:ഖത്തിൽനിന്നും മുക്തമാക്കുവാനാണ് ബാബ വരുന്നത്. ദുഃഖത്തെ ഹരിച്ച് സുഖം നല്കുവാൻ. കുട്ടികൾക്കറിയാം ആ അച്ഛനിപ്പോൾ വന്നിരിക്ക യാണ്. കുട്ടികൾക്ക് പരിചയം ലഭിച്ചുകഴിഞ്ഞു. സ്വയം ഇരുന്ന് പറയുന്നു, ഞാൻ സാധാരണ ശരീരത്തിൽ പ്രവേശിച്ചിട്ട് നിങ്ങൾ കുട്ടികൾക്ക് മുഴുവൻ സൃഷ്ടിയുടെയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം മന സ്സിലാക്കിതരുന്നു. സൃഷ്ടി ഒന്നുതന്നെയാണ് കേവലം പുതിയതും പഴയതും ആകുന്നു. ശരീരം കുട്ടിക്കാ ലത്തും പുതിയതായിരിക്കുന്നു പിന്നെ പഴയതാകുന്നതുപോലെ. പുതിയ ശരീരം, പഴയ ശരീരം - രണ്ട് വസ്തുക്കളെന്ന് പറയില്ല. ഒന്നു തന്നെയാണ്, കേവലം പുതിയതിൽ നിന്നും പഴയതാകുന്നു. അതുപോലെ ലോകവും ഒന്നുതന്നെയാണ്, പുതിയതിൽ നിന്ന് ഇപ്പോൾ പഴയതായിരിക്കുന്നു. എപ്പോളായിരുന്നു പുതി യതായിരുന്നത് - ഇതാർക്കും തന്നെ പറയാൻ സാധിക്കില്ല. ബാബ വന്നു മനസ്സിലാക്കിതരുന്നു - കുട്ടി കളെ പുതിയ ലോകം ഉണ്ടായിരുന്നപ്പോൾ ഭാരതം പുതിയതതായിരുന്നു. അന്ന് സത്യയുഗമെന്ന് വിളിച്ചി രുന്നു, അതേ ഭാരതം ഇപ്പോൾ പഴയതായിരിക്കുന്നു. ഇതിനെ പഴയ ഓൾഡ് വേൾഡ് എന്ന് പറയുന്നു. ന്യൂ വേൾഡിൽ നിന്നും പിന്നെ ഓൾഡായിരിക്കുന്നു, ഇനി ഇതിന് തീർച്ചയായും പുതിയതാവണം. പുതിയ ലോകത്തിന്റെ സാക്ഷാത്കാരം കുട്ടികൾക്കു ലഭിച്ചിട്ടുണ്ട്. ശരി, ആ പുതിയ ലോകത്തിന്റെ അധികാരി ആരായിരിക്കും. തീർച്ചയായും ലക്ഷ്മീ നാരായണനായിരിക്കും. ആദി സനാതന ദേവീ ദേവതകൾ അധി കാരികളായിരുന്നു, ഇവയൊക്കെ ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിതരുന്നു. ബാബ പറയുന്നു നിരന്തരമായി ഇതുതന്നെ ഓർമ്മിക്കൂ. ബാബ പരംധാമത്തിൽ നിന്നും നമ്മളെ പഠിപ്പിക്കുവാൻ, രാജയോഗം പരിശീലിപ്പിക്കുവാൻ വന്നിരിക്കുന്നു. മഹിമ മുഴുവനും ആ ബാബയുടേതാണ്. ഈ ബ്രഹ്മാബാബയ്ക്ക് ഒരു മഹിമയുമില്ല. ഇപ്പോൾ എല്ലാവരും തുച്ഛബുദ്ധികളാണ്, ഒന്നും മനസ്സിലാക്കുന്നില്ല, അതുകൊണ്ട് ഞാൻ വരുന്നു. അപ്പോളാണ് ഈ ഗീതവും ഉണ്ടാക്കിയിട്ടുള്ളത്. സർവ്വ വ്യാപിയുടെ ജ്ഞാനം ഇല്ലാതാ കുന്നു. ഓരോരുത്തർക്കും തന്റേതായ പാർട്ടുണ്ട്. ബാബ വീണ്ടും വീണ്ടും പറയുന്നു- ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ദേഹി അഭിമാനിയാകൂ എന്നിട്ട് ശിവബാബയെ ഓർമ്മിക്കൂ. ശിവബാബയാണ് എല്ലാം ചെയ്യു ന്നത് എന്ന് മനസ്സിലാക്കൂ. ബ്രഹ്മാവ് തന്നെ ഇല്ല. ബ്രഹ്മാവിന്റെ രൂപം ഈ കണ്ണുകളിലൂടെ കാണുന്നുണ്ടാ യിരിക്കാം എന്നാൽ നിങ്ങളുടെ ബുദ്ധി ശിവബാബയിലേക്ക് പോകണം. ശിവബാബയില്ലായിരുന്നുവെ ങ്കിൽ ഇദ്ദേഹത്തിന്റെ ആത്മാവ്, ഇദ്ദേഹത്തിന്റെ ശരീരം ഒന്നിനും കൊള്ളില്ലായിരുന്നു. എപ്പോളും മനസ്സി ലാക്കൂ ഇദ്ദേഹത്തിൽ ശിവബാബയുണ്ട്. ശിവബാബ ഇദ്ദേഹത്തിലൂടെ പഠിപ്പിക്കുന്നു. ഇദ്ദേഹം നിങ്ങളുടെ ടീച്ചറല്ല. സുപ്രീം ടീച്ചർ ശിവബാബയാണ്, ബാബയെ ഓർമ്മിക്കൂ. ഒരിക്കലും ഇദ്ദേഹത്തെ ഓർമ്മിക്കരുത്. ബുദ്ധിയോഗം ബാബയോടോപ്പം വെയ്ക്കണം. എങ്കിൽ സർവ്വവ്യാപിയുടെ ജ്ഞാനം ഇല്ലാതാകും. വീണ്ടും വന്ന് ജ്ഞാനയോഗം പഠിപ്പിക്കൂ എന്ന് കുട്ടികൾ ഓർമ്മിക്കുന്നുണ്ട്. പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും തന്നെ രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ഈ ഗീതയുടെ ജ്ഞാനം സ്വയം ബാബയാണ് കേൾപ്പിക്കുന്നത്, പിന്നെ ഈ ജ്ഞാനം കാലഹരണപ്പെട്ടുപോകും എന്ന് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട്. അവിടെ ജ്ഞാനത്തിന്റെ ആവശ്യം തന്നെയില്ല. രാജധാനി സ്ഥാപിക്കപ്പെടുന്നു, സദ്ഗതി ഉണ്ടാകു ന്നു. ദുർഗതിയിൽനിന്നും സത്ഗതിയിലേക്ക് പോകുവാൻ വേണ്ടിയാണ് ജ്ഞാനം നല്കുന്നത്. ബാക്കി അതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. മനുഷ്യർ ജപം, തപം, ദാനം, പുണ്യം തുടങ്ങി

എന്തൊക്കെ ചെയ്താലും അവയെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്, അതിലൂടെ ആർക്കും തന്നെ എന്നെ ലഭിക്കയില്ല. ആത്മാവിന്റെ ചിറകുകൾ മുറിഞ്ഞുപോയിരിക്കുകയാണ്. കല്ലായിരിക്കുകയാണ്. കല്ലിൽനിന്നും പിന്നെ പവിഴമാക്കുവാനായി എനിക്ക് വരേണ്ടിവരുന്നു.

ബാബ പറയുന്നു, ഇപ്പോൾ എത്ര മനുഷ്യരാണ്, കടുകുകൾ പോലെ ലോകം നിറഞ്ഞിരിക്കുകയാണ്. ഇതെല്ലാം തന്നെ ഇല്ലാതാകണം. സത്യയുഗത്തിൽ ഇത്രയും മനുഷ്യരുണ്ടാകുകയില്ല. പുതിയ ലോകത്തിൽ വളരെയധികം വൈഭവം ഉണ്ടായിരിക്കും, മനുഷ്യർ കുറച്ചെ കാണുകയുള്ളു. ഇവിടെ കഴിക്കുവാൻ പോലും ഒന്നും ലഭിക്കാത്തത്ര മനുഷ്യരാണ്. പഴയതായ ഊഷര ഭൂമിയാണ്. പിന്നെ പുതിയതായി ത്തീരും. അവിടെ എല്ലാം തന്നെ പുതിയതായിരിക്കും. പേര് തന്നെ എത്ര മധുരമായതാണ് – ഹെവൻ, ബഹിശ്ത്ത്. ദേവതകളുടെ പുതിയ ലോകം. പഴയ വീടിനെ ഇടിച്ചുകളഞ്ഞിട്ട്, പുതിയതിലിരിക്കുവാൻ മനസ്സുണ്ടാകാറില്ലേ. ഇപ്പോൾ പുതിയ ലോകം സ്വർഗ്ഗത്തിലേക്ക് വരുവാനുള്ള ലഹരിയാണ്. ഈ പഴയ ശരീരത്തിന് ഒരുവിലയുമില്ല. ശിവബാബയ്ക്ക് ശരീരമൊന്നുമില്ല. കുട്ടികൾ പറയുന്നു, മാലയണിയിക്കാം. എന്നാൽ ഈ ബ്രഹ്മാവിനെ മാലയണിയിച്ചാൽ നിങ്ങളുടെ ബുദ്ധിയോഗം ഇദ്ദേഹത്തിലേക്കു പോകുന്നു. ശിവബാബ പറയുന്നു, എനിക്ക് മാലയുടെ ആവശ്യമില്ല, നിങ്ങൾ തന്നെയാണ് പൂജ്യരാകുന്നത്, പൂജാരിയുമാകുന്നത്. നീ തന്നെ പൂജനും നീ തന്നെ പൂജാരിയുമാകുന്നു. അങ്ങനെ തന്റെ തന്നെ ചിത്രത്തിന്റെ പൂജ ചെയ്യാൻ തുടങ്ങുന്നു. ബാബ പറയുന്നു, ഞാൻ പൂജ്യനാകുന്നില്ല, പൂക്കളുടെയൊന്നും ആവശ്യമില്ല. ഞാനെന്തിനണിയണം? അതുകൊണ്ട് ഒരിക്കലും പൂക്കൾ സ്വീകരിക്കുന്നില്ല. നിങ്ങൾ പിന്നീട് പൂജ്യരായിക്കഴിയുമ്പോൾ വേണ്ടത്ര പൂക്കൾ ധരിച്ചുകൊള്ളൂ. ഞാൻ നിങ്ങൾ കുട്ടികളുടെ വളരെ അനുസരണയുള്ള അച്ഛനാണ്, ടീച്ചറുമാണ്, സേവകനുമാണ്. വലിയ വലിയ റോയൽ വ്യക്തികൾ താഴെ ഒപ്പിടുമ്പോൾ, എഴുതുന്നു–സേവകൻ......സ്വയം തന്നെ ലോർഡ് എന്ന് ഒരിക്കലും എഴുതാറില്ല. ഇവിടെയാണെങ്കിൽ ശ്രീ ശ്രീ ലക്ഷ്മീ നാരായണൻ, ശ്രീ ഇന്നയാൾ എന്നൊക്കെ എഴുതുന്നു. എല്ലാവർക്കും'ശ്രീ' എന്ന ടൈറ്റിൽ ഇടുന്നു. കുട്ടികളെ, ഇപ്പോൾ ഈ ശരീരത്തെ ഓർമ്മിക്കരുത്. തന്നെ ആത്മാവ് എന്ന് നിശ്ചയം ചെയ്യൂ, ഒപ്പം ബാബയെ ഓർമ്മിക്കൂ എന്ന് ബാബ കുട്ടികൾക്ക് മനസ്സിലാക്കിതരുന്നു. ഈ പഴയ ലോകത്തിൽ ആത്മാവും ശരീരവും രണ്ടും പതിതമാണ്. സ്വർണ്ണം ഒമ്പത് ക്യാരറ്റിന്റെ ആണ് എങ്കിൽ അതുകൊണ്ടുണ്ടാക്കുന്ന ആഭരണവും 9 ക്യാരറ്റിന്റെ ആയിരിക്കും. സ്വർണ്ണത്തിലും അഴുക്കുണ്ടാകും. അപ്പോൾ ആത്മാവിനെ നിർലേപമെന്ന് കരുതരുത്. നിങ്ങൾക്ക് ഇപ്പോളാണ് ജ്ഞാനമുള്ളത് പിന്നെ 21 ജന്മങ്ങളിലേക്ക് പ്രാലബ്ദം നേടുന്നു എങ്കിൽ എത്ര പുരുഷാർത്ഥം ചെയ്യണം. എന്നാൽ കുട്ടികൾ ഇടയ്ക്കിടയ്ക്ക് മറന്നുപോകുന്നു. ശിവബാബ ബ്രഹ്മാവിലൂടെ നമ്മൾക്ക് പഠിപ്പ് നൽകുന്നു. ബ്രഹ്മാവിന്റെ ആത്മാവും ശിവബാബയെ ഓർമ്മിക്കുന്നു. ഒരേയൊരു ഭഗവാനെ എല്ലാ ഭക്തരും ഓർമ്മിക്കുന്നു എന്നാൽ തമോപ്രധാനമായതു കാരണം അച്ഛനെ മറന്ന് തൂണ്–കല്ല് സർവ്വതിന്റെയും പൂജ ചെയ്യുന്നു. നമ്മൾക്കറിയാം എന്തൊക്കെയാണ് നടക്കുന്നത്, ഡ്രാമ ഷൂട്ട് ചെയ്തുകൊണ്ടിരിക്കുന്നു. ഡ്രാമയിൽ എന്തെങ്കിലും ഷൂട്ടിംഗ് നടന്നാൽ, കരുതൂ ഇടയ്ക്ക് ഏതെങ്കിലും പക്ഷി പറന്നാൽ അത് ഷൂട്ടിംഗ് ചെയ്താൽ എപ്പോൾ നോക്കിയാലും കാണപ്പെടും. പൂമ്പാറ്റ പറന്ന് ഉയർന്നത് ഷൂട്ടിംഗ് നടന്നു എങ്കിൽ അത് ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കും. ഈ ഡ്രാമയും സെക്കന്റ്–സെക്കന്റ് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഷൂട്ടിംഗ് നടന്നുകൊണ്ടിരിക്കുന്നു. ഉണ്ടായ – ഉണ്ടാക്കപ്പെട്ട ഡ്രാമയാണ്, നിങ്ങൾ ആക്ടേഴ്സ് ആണ്. മുഴുവൻ ഡ്രാമയേയും സാക്ഷിയായി കാണുന്നു. ഓരോരോ സെക്കന്റും ഡ്രാമ അനുസരിച്ച് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഇല ഇളകി, ഡ്രാമ കടന്നുപോയി. ഓരോരോ ഇലയും ഭഗവാന്റെ ആജ്ഞ അനുസരിച്ചല്ല ചലിക്കുന്നത്. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, ഇതിനെ നല്ല രീതിയിൽ മനസ്സിലാക്കണം. ബാബ വന്നിട്ടാണ് രാജയോഗം പഠിപ്പിക്കുന്നത്. കൂടാതെ, ഡ്രാമയുടെ നോളജ് നൽകുന്നു. ചിത്രവും എത്ര നല്ലതാണ് ഉണ്ടാക്കിയിട്ടുള്ളത്. സംഗമയുഗത്തിൽ സമയത്തിനെ കാണിക്കുന്ന സൂചി വെച്ചിട്ടുണ്ട്. കലിയുഗ അന്ത്യത്തിന്റെയും, സത്യയുഗ ആദിയുടെയും സംഗമമാണ്. ഇപ്പോൾ പഴയ ലോകത്തിൽ അനേകധർമ്മങ്ങളാണ്. പുതിയ ലോകത്തിൽ പിന്നെ ഇവയുണ്ടാവുകയില്ല. ബാബ നമ്മളെ പഠിപ്പിക്കുന്നു എന്ന് നിങ്ങൾ കുട്ടികൾ എല്ലായ്പോഴും മനസ്സിലാക്കണം. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. ഭഗവാനു വാച – ഞാൻ നിങ്ങളെ രാജാക്കന്മാരുടെ രാജാവാക്കും. രാജാക്കന്മാരും ഈ ലക്ഷ്മീ നാരായണന്റെ പൂജ ചെയ്യുന്നു. അവരെ പൂജ്യരാക്കിയതും ഞാനാണ്. പൂജ്യരായിരുന്നവർ ഇപ്പോൾ പൂജാരികളായിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ മനസ്സിലായി, നമ്മൾ തന്നെയായിരുന്നു പൂജ്യരായിരുന്നത്, പിന്നെ നമ്മൾ തന്നെ പൂജാരികളായി. ബാബ ആകുന്നില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ പൂക്കളും മാലയുമൊന്നും സ്വീകരിക്കുവാൻ പാടില്ല. നിയമമനുസരിച്ച് ആരുടെയാണോ ആത്മാവും ശരീരവും രണ്ടും പവിത്രമായിട്ടുള്ളത് അവരാണ് പൂക്കൾക്ക് അർഹരായവർ. അവിടെ സ്വർഗ്ഗത്തിൽ സുഗന്ധമുള്ള പൂക്കളാണ്. സുഗന്ധം നല്കുവാനായി പൂക്കളുണ്ടായിരിക്കും. മാല അണിയിക്കുവാനുള്ള പൂക്കളുമുണ്ടായിരിക്കും. ബാബ പറയുന്നു, ഇപ്പോൾ നിങ്ങൾ കുട്ടികൾ വിഷ്ണുവി

ന്റെ കഴുത്തിലെ മാലയാകുന്നു. സംഖ്യാക്രമത്തിൽ നിങ്ങൾ സിംഹാസനത്തിൽ ഇരിക്കും. കല്പം മുമ്പ് ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്തുവോ അത് ചെയ്യും, ചെയ്യുന്നതിൽ മുഴുകും. സംഖ്യാക്രമത്തിൽ തന്നെ ആണ്. ബുദ്ധി പറയുന്നു, ഇന്ന കുട്ടി വളരെ സർവ്വീസബിൾ ആണ്. കടയിൽ ചിലർ മുതലാളിയാകുന്നു, പങ്കാളികൾ ആകുന്നു, മാനേജർ ആകുന്നു, അതുപോലെയാണ് ഇവിടെയും.

നിങ്ങൾ കുട്ടികൾക്ക് മാതാപിതാവിന്റെ മേൽ ജയിക്കണം. മാതാപിതാവിനേക്കാൾ എങ്ങനെ മുന്നോട്ടു പോകാൻ സാധിക്കും എന്ന് കുട്ടികൾ അത്ഭുതപ്പെടുന്നു. ബാബ കുട്ടികളെക്കൊണ്ട് പരിശ്രമിപ്പിച്ച് യോഗ്യതയുള്ളവരാക്കുന്നു, സിംഹാസനധാരിയാക്കുവാൻ. അതുകൊണ്ട് പറയുന്നു, എന്റെ സിംഹാസനത്തിന്റെ മേൽ ജയിക്കണം. പരസ്പരം മറ്റുള്ളവരുടെമേൽ ജയിക്കാറില്ലേ. നരനിൽനിന്നും നാരായണനാകുവാനുള്ള പുരുഷാർത്ഥം ചെയ്യൂ. ലക്ഷ്യം മുഖ്യമായിട്ടുള്ളത് ഒന്നാമതാകണം എന്നാണ്. പിന്നെ പറയുന്നു, രാജധാനി സ്ഥാപിക്കപ്പെടുകയാണ് അവിടെ വിവിധ പദവി ഉണ്ടായിരിക്കും. മായയുടെ മേൽ ജയിക്കുവാനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യൂ. കുട്ടികളെയൊക്കെ സ്നേഹത്തോടെ മുന്നോട്ടു കൊണ്ടുപോകൂ എന്നാൽ ട്രസ്റ്റിയായിരിക്കൂ. ഭക്തിമാർഗ്ഗത്തിൽ പറയാറില്ലേ – പ്രഭു, ഇവയെല്ലാം അങ്ങു നൽകിയിട്ടുള്ളതാണ്. അങ്ങ് കാത്തുസൂക്ഷിക്കാൻ നല്കിയത് അങ്ങ് തിരിച്ച് വാങ്ങി അപ്പോൾ കരയുന്നതിന്റെ കാര്യമെന്താണ്. എന്നാൽ ഇത് കരയുന്ന ലോകമാണ്. മനുഷ്യർ കഥകളൊക്കെ കേൾപ്പിക്കുന്നു, മോഹാജീത് രാജാവിന്റെ കഥ കേൾപ്പിക്കുന്നു. അവിടെ ദു:ഖത്തിന്റെ ഒന്നും ഫീലിംഗ് ഉണ്ടാവുകയില്ല. ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുത്തു. അവിടെ ഒരിക്കലും രോഗം ഒന്നും ഉണ്ടാകില്ല. സദാ ആരോഗ്യമുള്ള നിരോഗി ശരീരമായിരിക്കും. വിവാഹമൊക്കെ എങ്ങനെയാണ് നടക്കുന്നത്, എന്ത് ഡ്രസ്സാണ് ധരിക്കുന്നത്, അവിടത്തെ ആചാര രീതികൾ എങ്ങനെയാണ് നടക്കുന്നത് – ഇവയെല്ലാം തന്നെ കുട്ടികൾ സാക്ഷാത്കാരം ചെയ്തിട്ടുണ്ട്. ആ പാർട്ട് എല്ലാം തന്നെ കഴിഞ്ഞുപോയി. അപ്പോൾ ഇത്ര ജ്ഞാനം ഉണ്ടായിരുന്നില്ല. ഇപ്പോൾ ദിനം പ്രതി ദിനം നിങ്ങൾ കുട്ടികളിൽ ശക്തി വളരെ കൂടുതലായി വന്നുകൊണ്ടിരിക്കുന്നു. ഈ എല്ലാ പാർട്ടുകളും ഡ്രാമയിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. അത്ഭുതമാണ് – പരമാത്മാവിനും എത്ര വലിയ പാർട്ടാണുള്ളത്. സ്വയമിരുന്ന് മനസ്സിലാക്കിതരുന്നു – ബ്രഹ്മാണ്ഡത്തിന്റെ മുകളിൽ ഇരുന്ന് ഞാൻ എത്ര ജോലികളാണ് ചെയ്യുന്നത്! താഴെ കല്പത്തിൽ ഒരേയൊരു പ്രാവശ്യം വരുന്നു. വളരെപ്പേർ നിരാകാരിയുടെ പൂജാരികളായിട്ടുണ്ട്. എന്നാൽ നിരാകാരിയായ പരംപിതാ പരമാത്മാവ് എങ്ങനെയാണ് വന്ന് പഠിപ്പിക്കുന്നത് – ഇക്കാര്യം മറച്ചു കളഞ്ഞു. ഗീതയിൽ ശ്രീകൃഷ്ണന്റെ പേരിട്ടു. അതുകൊണ്ട് നിരാകാരിയോടുള്ള പ്രീതി തന്നെ മുറിഞ്ഞുപോയി. പരമാത്മാവാണ് സഹജരാജയോഗം പഠിപ്പിച്ചത്, കൂടാതെ ലോകത്തിനോട് പറഞ്ഞത്. ലോകം മാറിക്കൊണ്ടിരിക്കുന്നു, യുഗം മാറിക്കൊണ്ടിരിക്കുന്നു, ഈ ഡ്രാമയുടെ ചക്രത്തെ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. മനുഷ്യർക്കൊന്നും അറിയില്ല. സത്യയുഗത്തിലെ ദേവീദേവതകളെക്കുറിച്ചുമറിയില്ല. കേവലം ദേവതകളുടെ അടയാളങ്ങൾ മാത്രമുണ്ട്.

ബാബ മനസ്സിലാക്കിതരുന്നു, എല്ലായ്പോഴും ഇങ്ങനെ മനസ്സിലാക്കൂ – നമ്മൾ ശിവബാബയുടേതാണ്, ശിവബാബ നമ്മളെ ഈ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. ശിവബാബയുടെ ഓർമ്മയിലൂടെ വളരെ ലഹരിയുണ്ടായിക്കൊണ്ടിരിക്കും. ഇങ്ങനെ ഗോഡ് ഫാദറെന്ന് ആർക്ക് പറയാൻ സാധിക്കും. അച്ഛനുമാണ്, ടീച്ചറുമാണ് എന്നാൽ ആ അച്ഛന് ഗുരുവുമാകാൻ സാധിക്കില്ല. ടീച്ചറാകാൻ സാധിക്കും, അച്ഛനെ ഗുരുവെന്നൊരിക്കലും പറയാറില്ല. ഈ ബ്രഹ്മാബാബയുടെ അച്ഛനും ടീച്ചറായിരുന്നു, പഠിപ്പിച്ചിരുന്നു, ഞാനും പഠിച്ചിരുന്നു. അതു പരിധിയുള്ള അച്ഛനും ടീച്ചറും. ഇതു പരിധിയില്ലാത്ത അച്ഛനും ടീച്ചറും. നിങ്ങൾ സ്വയം തന്നെ ഈശ്വരീയ വിദ്യാർത്ഥികളെന്ന് മനസ്സിലാക്കിയാൽ അഹോ സൗഭാഗ്യം. ഗോഡ് ഫാദർ പഠിപ്പിക്കുന്നു. എത്ര ക്ലിയറാണ്. അപ്പോൾ എത്ര മധുരമായ അച്ഛനാണ്! മധുരമായ വസ്തുവിനെ ഓർമ്മിക്കാറുണ്ട്. എങ്ങനെയാണോ പ്രിയതമനും പ്രിയതമയ്ക്കുമുള്ള സ്നേഹം, അവരുടെ സ്നേഹം വികാരത്തിനുവേണ്ടി അല്ല. പരസ്പരം കണ്ടുകൊണ്ടുമാത്രം ഇരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക്, ആത്മാക്കൾക്ക് പരമാത്മാവിനോടുള്ള സ്നേഹമാണ്. ആത്മാവ് പറയുന്നു – ബാബ എത്ര ജ്ഞാനത്തിന്റെ, പ്രേമത്തിന്റെ സാഗരമാണ് ! ഈ പതീത ശരീരത്തിൽ വന്ന് നമ്മളെ എത്ര ഉയർന്നവരാക്കുന്നു! മഹിമയും പാടാറുണ്ട് – യുദ്ധമൊന്നുമില്ലാതെ മനുഷ്യനിൽനിന്നും ദേവതയാക്കി. സെക്കന്റിൽ വൈകുണ്ഠത്തിലേക്കു പോകുന്നു. മനുഷ്യനിൽനിന്നും ദേവത ആകുന്നു. ഇതാണ് ലക്ഷ്യം. ഇതിനുവേണ്ടി പഠിത്തം പഠിക്കണം. ഗുരുനാനാക്കും പറഞ്ഞിരുന്നു, മുഷിഞ്ഞ അഴുക്കുപിടിച്ച വസ്ത്രത്തെ അലക്കിയാലും.... ലക്ഷ്യമാകുന്ന സോപ്പല്ലേ, ബാബ പറയുന്നു, ഞാൻ എത്ര വലിയ ധോബിയാണ്. നിങ്ങളുടെ വസ്ത്രത്തെ (ആത്മാവും ശരീരവും) എത്ര ശുദ്ധമാക്കുന്നു! ഇങ്ങനെയുള്ള ധോബിയെ എപ്പോളെങ്കിലും കണ്ടിട്ടുണ്ടോ? ആത്മാവ് പൂർണ്ണമായും കറുത്തുപോയി. അതിനെ യോഗബലത്തിലൂടെ എത്ര സ്വച്ഛമാക്കുന്നു! അപ്പോൾ ഈ മുത്തച്ഛനെ ഒരിക്കലും ഓർമ്മിക്കാൻ പാടില്ല. ഈ കാര്യങ്ങളെല്ലാം ശിവബാബയുടേതാണ്, ശിവബാ

ബയെ മാത്രം ഓർമ്മിക്കൂ. ഈ ബ്രഹ്മാവിനേക്കാൾ മധുരമായതാണ് ശിവബാബ. ആത്മാക്കളോടു പറയുന്നു, നിങ്ങൾക്ക് ഈ കണ്ണുകളിലൂടെ ഈ ബ്രഹ്മാവിന്റെ രഥം കാണുന്നുണ്ടാവാം എന്നാൽ നിങ്ങൾ ഓർമ്മിക്കേണ്ടത് ശിവബാബയെയാണ്. ശിവബാബ ഈ ബ്രഹ്മാവിലൂടെ നിങ്ങളെ കക്കയിൽനിന്നും വജ്ര സമാനമാക്കുന്നു.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. ഭഗവാൻ ടീച്ചറായി പഠിപ്പിക്കുന്നു - ഈ സ്മൃതിയിൽ തന്നെ ഇരിക്കണം. ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ട് പൂർണ്ണമായും ട്രസ്റ്റിയാകണം.

2. ഇപ്പോൾ പൂക്കളും മാലയും സ്വീകരിക്കരുത്. വിഷ്ണുവിന്റെ കഴുത്തിലെ മാലയാകുവാനായി മായയെ ജയിക്കുവാനുള്ള പുരുഷാർത്ഥം ചെയ്യണം.

### വരദാനം:- "ആദ്യം താങ്കൾ" എന്ന വിശേഷ ഗുണത്തിലൂടെ സർവ്വരുടെയും പ്രിയപ്പെട്ടവരായി മാറുന്ന സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

മറ്റുള്ളവരെ മുന്നിൽ നിർത്തുക അതായത് "ആദ്യം താങ്കൾ" എന്ന ഗുണം 'പരമാർത്ഥവും വ്യവഹാരവും' ഈ രണ്ടിലും സർവ്വരുടെയും പ്രിയപ്പെട്ടവരാക്കി മാറ്റുന്നു. ബാബയുടെയും മുഖ്യഗുണം ഇതാണ്. ബാബ പറയുന്നു, കുട്ടികളെ "ആദ്യം താങ്കൾ". അതിനാൽ ഈ ഗുണത്തിൽ ബാബയെ ഫോളോ ചെയ്യൂ, ഇത് തന്നെയാണ് സഫലത പ്രാപ്തമാക്കാനുള്ള വിധി. ആരാണോ ബാബക്ക് പ്രിയപ്പെട്ടവർ, ബ്രാഹ്മണ പരിവാരത്തിന് പ്രിയപ്പെട്ടവർ, വിശ്വ സേവനത്തിന് പ്രിയപ്പെട്ടവർ അവർ തന്നെയാണ് എവർറെഡി.

### സ്ലോഗൻ:- മനനശക്തിയുടെ ആധാരത്തിൽ ജ്ഞാന ഖജനാവിനെ സ്വായത്തമാക്കൂ എങ്കിൽ വിഘ്നങ്ങൾ വിട പറയും.